(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി പുതിയ പദ്ധതികൾ വല്ലതും ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മത്സ്യത്തൊഴിലാളി മേഖലയിൽ ആശ്വാസ നടപടികൾക്കായി പ്രത്യേക പാക്കേജ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വനിതാ മത്സ്യത്തൊഴിലാളികളെക്കൂടി നിലവിലുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾക്കായി ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ്, മത്സ്യ ഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്. ഇത് സംബന്ധിച്ച വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്. ഇത് സംബന്ധിച്ച വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(ഡി) 2002-03 വർഷം മുതൽ മത്സ്യ വിപണനത്തിനും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിട്ടുള്ള വനിതാ തൊഴിലാളികളെ നിലവിലുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇത് സംബന്ധിച്ച വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

അംബേദ്കർ ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങൾ

*16 [883] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംബേദ്കർ ഗ്രാമങ്ങളിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ട പല പദ്ധതികളും നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംബേദ്കർ ഗ്രാമങ്ങളിലെ വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ, ബി) 1990-91 സാമ്പത്തിക വർഷം ഡോ. അംബേദ്കർ ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ചാണ് തെരഞ്ഞെടുത്ത കോളനികളിൽ അംബേദ്കർ ഗ്രാമ പദ്ധതി ആവിഷ്ക്കരിച്ചത്. ഈ ഗ്രാമങ്ങളിൽ നടപ്പാക്കാനുദ്ദേശിച്ച പദ്ധതികൾ മിക്കതും

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന പദ്ധതികൾ നടത്തുവാനുള്ള ഉത്തരവാദിത്വം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇതിൽ നടപടി കൈക്കൊള്ളേണ്ടത് പ്രസ്തുത വകുപ്പാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൈദ്യുതി ബോർഡിന്റെ വികസന പദ്ധതികൾക്ക് എ.ഡി.ബി. ധനസഹായം

1 [5316] ശ്രീ. എ. കെ. മണി:
„ എൻ. ഡി. അപ്പച്ചൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ പി. ടി. തോമസ്:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വികസന പദ്ധതികൾക്ക് എ.ഡി.ബി. ധനസഹായം ലഭിക്കുമോ;

(ബി) എങ്കിൽ എന്തു തുക കിട്ടും; ഈ തുക ഉപയോഗിച്ച് എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതികൾ തെരഞ്ഞെടുത്തത് ആരാണ്;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതോടുകൂടി വൈദ്യുതി ബോർഡിന്റെ നഷ്ടം തുടച്ചുനീക്കുവാൻ കഴിയുമോ?

ഉത്തരം

(എ) എ.ഡി.ബി. 2000-ത്തിലും 2001-ലും നടത്തിയ കൺട്രി പ്രോഗ്രാമിംഗ് മിഷനിൽ കേരളത്തിന്റെ വൈദ്യുതി പദ്ധതികൾക്ക് 2003-ൽ വായ്പ നൽകാമെന്ന് കേന്ദ്ര സർക്കാരിനോട് സമ്മതിച്ചിട്ടുണ്ട്.

(ബി, സി) വായ്പയുടെ തുകയും അതിലേക്കുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ പഠിക്കുന്നതിന് എ.ഡി.ബി. അവരുടെ കൺസൾട്ടന്റായി ക്രിസിൽ ആന്റ് നെക്സന്റിനെ നിയോഗിച്ചിട്ടുണ്ട്. അവർ നടത്തിയ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) ഇല്ല.

ദേശീയാടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഏകീകരണം

2 [5324] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയാടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഏകീകരിക്കുന്നത് സംബന്ധിച്ച ഏതെങ്കിലും നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്ന സംസ്ഥാനം ഏതാണ്;

(സി) ഏറ്റവും കൂടിയ നിരക്കിന് വൈദ്യുതി നൽകുന്ന സംസ്ഥാനം ഏതാണ്;

LIBRARY ARCHIVES Kerala Legislative Assembly